# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആളൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം കെ.എസ്.എ.ടി.എസ്.ആർ(പി.1)968/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആളൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം കെ.എസ്.എ.ടി.എസ്.ആർ(പി.1)968/2022. തീയ്യതി: 04/07/2022

## തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ . എൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിത. ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ. ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീജ. കെ.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്. പി.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി .സന്ധ്യ നൈസൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ശ്രീകാന്ത്.പി.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| യാമിനിപിള്ള | അസി.സെക്രട്ടറി | 01-04-2019 | 31-05-2019 |
| റീന ടി ജെ | അസി.സെക്രട്ടറി | 01-06-2019 | 24-07-2019 |
| എ.എ ജലീനബാനു | അസി.സെക്രട്ടറി | 25-07-2019 | 31-03-2020 |
| സന്ദൂപ്.എ.വി | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.ജോസ്.സി.ഐ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സ്മിത.കെ.കെ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ബിജു.കെ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഷാലിമ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 27-12-2019 |
| ശ്രുതി ടി. രാംമോഹൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27-12-2019 | 14-01-2020 |
| ജിംസി.സി.ജോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14-01-2020 | 31-03-2020 |
| സതീശൻ.കെ.കെ | കൃഷി ഓഫീസർ | 01-04-2019 | 14-05-2019 |
| തോമസ് പി.ഒ | കൃഷി ഓഫീസർ | 14-05-2019 | 31-03-2020 |
| സന്തോഷ് സി.എസ് | വി.ഇ.ഒ കല്ലേറ്റുംകര സർക്കിൾ | 01-04-2019 | 31-03-2020 |
| ലേഖ വി വി | വി.ഇ.ഒ കുഴിക്കാട്ടുശേരി സർക്കിൾ | 01-04-2019 | 31-03-2020 |
| രാഖി ഏണസ്റ്റ് | വി.ഇ.ഒ ആളൂർ സർക്കിൾ | 01-04-2019 | 31-03-2020 |
| നിഷ.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.റീന മാത്യു | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2019 | 04-06-2019 |
| ഡോ.റോസ് മോൾ ജോസ് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 05-06-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bita.T.S (Audit Officer (HG), On 14-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Bita.T.S (Audit Officer (HG), On 14-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 14-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bita.T.S (Audit Officer (HG), On 14-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 23-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 14-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bita.T.S (Audit Officer (HG), On 14-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 23-06-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ<br>Written By: Bita.T.S (Audit Officer (HG), On 14-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 15-06-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Bita.T.S (Audit Officer (HG), On 14-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ<br>Written By: Ranjith P.R (Auditor, On 16-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 16-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Bita.T.S (Audit Officer (HG), On 14-06-2022)<br>Last Updated By: Sreeja K.T (Senior Grade Auditor, On 17-06-2022) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-10 |
| 11 | വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-11 |
| 12 | വസ്തു നികുതി അഡ്വാൻസ് തുക "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-12 |
| 13 | വസ്തുനികുതി - പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി നടത്തുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-12-1 |
| 14 | മുൻകൂർ ആയി ലഭിച്ച തുക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 17-06-2022) | 1-13 |
| 15 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 17-06-2022) | 1-14 |

| | | |
|---|---|---|
| 16 | Prior Period Item- വൌച്ചറുകളോരേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 17-06-2022) | 1-15 |
| 17 | ജേണൽ ബുക്ക് - രേഖപ്പെടുത്തലുകൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-16 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 17-06-2022) | 1-17 |
| 19 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-18 |
| 20 | സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 17-06-2022) | 1-19 |
| 21 | പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 17-06-2022) | 1-20 |
| 22 | Capital Work In Progress - വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 17-06-2022) | 1-21 |
| 23 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Vidhya O.K (Senior Grade Auditor, On 17-06-2022) | 1-22 |
| 24 | രസീതുകളുടെ പരിപാലനം - അപാകതകൾ<br>Written By: Ranjith P.R (Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-23 |
| 25 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ഫീ കണക്കാക്കുന്നതിലെ അപാകതകൾ<br>Written By: Ranjith P.R (Auditor, On 16-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-24 |
| 26 | ലൈസൻസില്ലാതെ ക്ലിനിക്ക് പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 16-06-2022)<br>Last Updated By: Ranjith P.R (Auditor, On 17-06-2022) | 1-25 |
| 27 | മണ്ണ് ലേലം ചെയ്യുതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 17-06-2022)<br>Last Updated By: Ranjith P.R (Auditor, On 17-06-2022) | 1-26 |
| 28 | വസ്തു നികുതി ഡിമാന്റ് ചെയ്യിട്ടില്ല<br>Written By: Sreeja K.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-27 |
| 29 | വാടക സംബന്ധിച്ച അപാകതകൾ<br>Written By: Ranjith P.R (Auditor, On 16-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-28 |
| 30 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.<br>Written By: Sreeja K.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Sreeja K.T (Senior Grade Auditor, On 17-06-2022) | 1-29 |
| 31 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ<br>Written By: Sreeja K.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-30 |

| | | |
|---|---|---|
| 32 | വസ്തു നികുതി നിർണ്ണയം -അപാകതകൾ<br>Written By: Sreeja K.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-31 |
| 33 | മൊബൈൽ ടവറുകളുടെ വസ്തു നികുതിക്കുടിശ്ശിക<br>Written By: Sreeja K.T (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-32 |
| 34 | പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-33 |
| 35 | രശീതി,ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ചെലവു തുകയായ 1034299/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Vidhya O.K (Senior Grade Auditor, On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 03-07-2022) | 1-34 |
| 36 | വൗച്ചർ പരിശോധന - ഫയൽ/രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കിയില്ല; ചെലവുതുക 1322042രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Bita.T.S (Audit Officer (HG), On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-35 |
| 37 | പൊരുന്നച്ചിറ കുടിവെള്ള പ്രൊജക്ടുകൾ - ആത്യന്തിക ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: Bita.T.S (Audit Officer (HG), On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-36 |
| 38 | അസി.എഞ്ചിനീയറുടെ പ്രൊജക്ടുകൾ - അവലോകനം.<br>Written By: Bita.T.S (Audit Officer (HG), On 17-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 15-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 15-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 15-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 15-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 15-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 03-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 15-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 03-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Bita.T.S (Audit Officer (HG), On 15-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 03-07-2022) | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 15-06-2022) | 4-8 |

| | | |
|---|---|---|
| | Last Updated By: Bita.T.S (Audit Officer (HG), On 15-06-2022) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bita.T.S (Audit Officer (HG), On 15-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Bita.T.S (Audit Officer (HG), On 15-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 04-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.02.2019, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 270699196 | 253508278 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 26.02.2020, തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 287455610 | 251358252 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 21.05.2020 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 23980881.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 91756359.00 |
| ആകെ | 115737240.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 92154637.00 |
| നീക്കിയിരിപ്പ് | 23582603.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23617467 | 23617467 | 16135918 | 7481549 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 15219000 | 15219000 | 9644405 | 5574595 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 133000 | 133000 | 0 | 133000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 18716000 | 18716000 | 9772491 | 8943509 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5804000 | 5804000 | 3614203 | 2189797 |
| സെൻട്രൽ ഫിനാൻസ് | 0 | 14985694 | 14985694 | 4036766 | 10948928 |

| | | | | |
|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 287 | 126503686 | 110 | 55837076 | 146 | 31 | 38.32% |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 3689400 | 14 |
| വിധവാ പെൻഷൻ | 10010400 | 76 |
| വാർദ്ധക്യകാല പെൻഷൻ | 16432800 | 254 |
| വികലാംഗ പെൻഷൻ | 2624600 | 19 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 813000 | 3 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 27653 | 1164607 | 1192260 | 824882 | 367378 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17306428 | 0 | 17306428 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകത ഖണ്ഡിക 1-22-ൽ ചേർത്തിട്ടുണ്ട്.

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27723/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്. സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധ രജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അറ്റകുറ്റപ്പണികൾ നടത്തിയതിന്റേയോ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റേയോ, കുറവുവ വരുത്തിയതിന്റേയോ, തേയ്മാനം സംഭവിച്ചതിന്റേയോ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
3. വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))
ഓഡിറ്റ് എൻക്വയറി 1/15.06.2022

## 1-11 വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1. തൻവർഷം

1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5172065 | 5065340 | 96558 | 45842 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5172065 | 5033115 | 70398 | 38649* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(40582/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4643520 | 4353285 | 202502 | 112451 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4643520 | 4339058 | 14227 | *120839 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 126881 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2. കുടിശ്ശിക

2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 102765 | 75712 | 27158 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 50331 | 75706 | 22117** |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (26388 + 26460 =52848/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (23223/105X100=22117) |

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 613593 | 409421 | 229244 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 231858 | 409419 | 174937*** |
| | ( 2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *( 81320 + 162131 =243451 / 105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ***(183684 /105X100), ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>3 ലൈബ്രറി സെസ്സ് ( തൻവർഷം +കുടിശ്ശിക )</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 263367 | 5310 | 268677 | 257056 | 3830 | 260886 | 5495 | - | 2340 | 1398 | 3201 |
| | നോൺ-റെസിഡൻഷ്യൽ | 234840 | 57609 | 292449 | 218731 | 20488 | 239219 | 10291 | - | 5872 | 12049 | 17921 |
| | ആകെ | | | 561126 | | | 500105 | 15786 | - | 21122 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാര | | 511640 | | | 498915 | | | - | 500105 | 11535 | | |
| | | (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ: 1.1, 1.2, 2.1,.2.2, 3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

ഓഡിറ്റ് എൻക്വയറി (1/15.06.2022) നൽകിയതിന് വസ്തുനികുതി- തൻവർഷം (റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ), വസ്തുനികുതി- കുടിശ്ശിക (റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ) എന്നീ ഇനങ്ങളിൽ തുക ക്രമീകരിച്ചത് സംബന്ധിച്ച് സെക്രട്ടറിയുടെ നടപടിക്രമങ്ങൾ ഹാജരാക്കിയെങ്കിലും ആയതിന്റെ വർക് ഷീറ്റ് കൂടി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## <u>1-12 വസ്തു നികുതി അഡ്വാൻസ് തുക “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു</u>

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു.അതിൽ 1523397/-രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 41900242 | 31.3.20 | 919978 |

2. നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 41900245 | 31.3.20 | 603419 |

(ഓഡിറ്റ് എൻക്വയറി നമ്പർ 1/ 15.6.2022)

## 1-12-1 വസ്തുനികുതി - പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി നടത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ ആളൂർ ഗ്രാമപഞ്ചായത്തിൽ 435 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 5 തവണയും രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകൾ ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 മുൻകൂർ ആയി ലഭിച്ച തുക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/20 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 190500 |
| 2 | ഡി &ഒ | 350410301-Advance | 329554 |

| | | | |
|---|---|---|---|
| | | Collection Of Revenues- Licence Fees For Dangerous And Offensive Trades | |

(ഓഡിറ്റ് എൻക്വയറി നം. 1/ 15.06.2022)

## 1-14 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4 വാടക ഡിമാന്റ് രജിസ്റ്റർ

5 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

6 ലൈബ്രറി രജിസ്റ്റർ

7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

9 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

10 വാടക – ഹാൾ & ഓഡിറ്റോറിയം ഡിമാന്റ് രജിസ്റ്റർ

11 ലേലം രജിസ്ററർ

(ഓഡിറ്റ് എൻക്വയറി നം. 1/ 15.6.22)

## 1-15 Prior Period Item- വൌച്ചറുകളോരേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/20ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 806867 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 305749 |
| 280200102-Prior Period Income-Rent From Lease Of Land | (1109) |
| 280200401-Prior Period Income-Other Income | (6966) |
| 280200201-Prior Period-Licence Fees | (4100) |
| 280800501-Prior Period- Programme Expenses | 89013 |

(ഓഡിറ്റ് എൻക്വയറി നം. 1/ 15.6.22)

## 1-16 ജേണൽ ബുക്ക് - രേഖപ്പെടുത്തലുകൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 1/ 15.6.22)
ഓഡിറ്റ് എൻക്വയറി നൽകിയതിന് നടപടി സ്വീകരിക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

## 1-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നം. 1/ 15.6.22) ഓഡിറ്റ് എൻക്വയറി നൽകിയതിന് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. എന്നാൽ സ്ഥിരാസ്തികളുടെ മൂല്യം രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കിലെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-18 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivaleents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 398278 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11392340രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ മേൽ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം. 1/ 15.6.22)

## 1-19 സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല

സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

(ഓഡിറ്റ് എൻക്വയറി നം. 1/ 15.6.22)

## 1-20 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്.വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂട്ടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

(ഓഡിറ്റ് എൻക്വയറി നം. 1/ 15.6.22)

## 1-21 Capital Work In Progress - വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0 രൂപ യാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/20 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക കാണിക്കുന്ന വർക്ക്ഷീറ്റ്

ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 1/ 15.6.22)

## 1-22 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് |
|---|---|---|
| ഭരണ ചെലവ് | 802894 | 824882 |
| വേജസ് | 17328254 | 17306428 |

ഷെഡ്യൂൾ I-6 പ്രകാരമുള്ള 160100601- National Rural Employment Guarantee Act Scheme (NREGA) എന്ന ശീർഷകത്തിൽ ടി ചെലവിൽ ഉൾപ്പെടാത്ത Roads – Concrete ചെലവ് തുക 1183421/-തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 1/15.6.2022)

## 1-23 രസീതുകളുടെ പരിപാലനം - അപാകതകൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. 10.03.2020 തീയതിയിൽ 5939,5940,5941,5942,5943 എന്നീ നമ്പർ രസീത് ബുക്കുകൾ പഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്തിട്ടുള്ളതാണ്. അതിൽ 5939 നമ്പർ രസീത് ബുക്ക് മുഴുവനായും, 5940 രസീത് ബുക്കിലെ 1 മുതൽ 18 വരെയുള്ള രസീതുകളും മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ബാക്കി രസീത് ബുക്കുകൾ തിരിച്ചേൽപ്പിക്കുകയോ പിന്നീട് ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ 3 രസീത് ബുക്കുകൾ കൈയ്യിലിരിക്കെ 22.02.2021 ന് 1472, 1473 എന്നീ നമ്പർ രസീത് ബുക്കുകളും 27.12.2021 ന് 1487,1488 നമ്പർ രസീത് ബുക്കുകളും പിന്നീട് കൃഷി ഓഫീസർക്ക് പഞ്ചായത്തിൽ നിന്ന് ഇഷ്യൂ ചെയ്തിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/16.06.2022), ഇത്തരത്തിലുള്ള അപാകത അറിയാതെ സംഭവിച്ചതാണെന്നും രസീതു ബുക്കുകൾ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
2. കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ദൂരക്കൂടുതലോ മറ്റേതെങ്കിലും കാരണത്താലോ തുക ഒടുക്കുവാൻ സാധിക്കാതെ വന്നാൽ ആഴ്ചയിലൊരിക്കൽ അവസാന പ്രവൃത്തി ദിവസങ്ങളിൽ അടവാക്കേണ്ടതാണ്. പഞ്ചായത്തിലെ ലൈബ്രറി, പഞ്ചായത്ത് കെട്ടിടത്തിന് തൊട്ടടുത്തായാണ് സ്ഥിതി ചെയ്യുന്നത്. ലൈബ്രറിയുടെ രസീതു ബുക്കുകളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും ലൈബ്രറിയുടെ ദിവസേനയുള്ള കളക്ഷൻ അന്നേ ദിവസമോ തൊട്ടടുത്ത ദിവസമോ പഞ്ചായത്തിൽ അടവാക്കുന്നില്ല. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നം | രസീത് നം | അടവാക്കിയ ആളുടെ പേര് | തീയതി | തുക | പഞ്ചായത്തിൽ അടവാക്കിയ തീയതി/രസീത് |
|---|---|---|---|---|---|
| 2 | 26 | ഷാജു കെ ഒ | 08.08.2019 | 100 | 119210105129/ 03.10.2019 |
| 2 | 27 | റിജോ ഫ്രാൻസിസ് | 14.08.2019 | 100 | |
| 2 | 28 | രാജശ്രീ സിദ്ധാർത്ഥ് | 24.08.2019 | 60 | |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/17.06.2022), ലൈബ്രറി കളക്ഷൻ അന്നേ ദിവസമോ പിറ്റേ ദിവസമോ അടവാക്കുന്നതിന് ലൈബ്രേറിയന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
രസീത് പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് ഫീ കണക്കാക്കുന്നതിലെ അപാകതകൾ

1996ലെ കേരള പഞ്ചായത്തീരാജ് ലൈസൻസ് ചട്ടങ്ങളുടെ 31.10.2017ലെ ഭേദഗതി പ്രകാരം മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ കണക്കാക്കേണ്ടതാണ്. എന്നാൽ 2019-2020 ൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ലൈസൻസ് ഫീ നിശ്ചയിച്ച് കാണുന്നത്. ലൈസൻസിനുള്ള അപേക്ഷാ ഫോമിലും വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള വരുമാനം രേഖപ്പെടുത്തുന്നതിനുള്ള

കോളം ആണ് ഉള്ളത് (ഓഡിറ്റ് എൻക്വയറി നം. 03/15.06.2022) . ഇതിന് 2019-2020 ൽ പഴയ ഫോമിൽ അപേക്ഷ വാങ്ങി എങ്കിലും മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ അടവാക്കിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിനുള്ള രേഖകൾ ഒന്നും തന്നെ അപേക്ഷാ ഫോമിനൊപ്പം ഉണ്ടായിരുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു. മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ഫയൽ നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 1126 | ഇ.എൻ. ബിജു | പെട്രോൾ പമ്പ് |
| 2 | 1399 | നസറുദ്ദീൻ ആലുങ്ങൽ | പിമെന്റ്സ് ഇന്ത്യ ലിമിറ്റഡ് |
| 3 | 1449 | രജനി ഷാജി | ഫർണ്ണീച്ചർ നിർമ്മാണം |
| 4 | 1871 | മാർട്ടിൻ പി.ജെ. | പെട്രോൾ പമ്പ് |
| 5 | 1920 | വർഗ്ഗീസ് പന്തല്ലൂക്കാരൻ | പെട്രോൾ പമ്പ് |

## 1-25 ലൈസൻസില്ലാതെ ക്ലിനിക്ക് പ്രവർത്തിക്കുന്നു

കെയർ & ക്യുവർ ഡെന്റൽ ക്ലിനിക്ക് എന്ന സ്ഥാപനം സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥപനങ്ങളുടെയും രജിസ്ട്രേഷനും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസും ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്. (ഓഡിറ്റ് എൻക്വയറി നം. 04/15.06.2022). ഈ സ്ഥാപനത്തിന് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-26 മണ്ണ് ലേലം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

2019-2020 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ മണ്ണ് ലേലം ചെയ്ത വകയിൽ 62500/- രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 19/17.06.2022)

## 1-27 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 13ാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ് / കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) |
|---|---|---|---|---|
| 1 | 13/521 | ചന്ദ്രൻ ആളൂപ്പറമ്പിൽ | പാർപ്പിടം | 75 |
| 2 | 13/503 | എബ്രഹാം കുഴിക്കാട്ടുശ്ശേരി | പാർപ്പിടം | 100 |
| 3 | 13/462 | രാജൻ മൂത്തേടത്ത് | പാർപ്പിടം | 92.93 |
| 4 | 13/440 | ഷിബു കല്ലാക്കുഴി | പാർപ്പിടം | 80 |
| 5 | 13/388 | ബിബിൻ കുഴിക്കാട്ടുശ്ശേരി | പാർപ്പിടം | 75 |
| 6 | 13/315 | കാർത്ത്യായനി മാട്ടുപ്പറമ്പിൽ | പാർപ്പിടം | 75 |
| 7 | 13/279 | എൽസി പുല്ലൂപ്പറമ്പിൽ | പാർപ്പിടം | 110 |
| 8 | 13/224 | ബേബി ഞറല്ലി | പാർപ്പിടം | 100 |
| 9 | 13/103 | കാർത്തു | പാർപ്പിടം | 60.4 |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/17.6.2022), പ്രസ്തുത കെട്ടിടങ്ങൾ പഴയ അസ്സസ്സ്മെന്റ് പ്രകാരം കുടിലുകൾ ആയിട്ടാണ് രേഖപ്പെടുത്തിയിട്ടിരുന്നതെന്നും നികുതി റിവിഷൻ സമയത്ത് നിലവിലുള്ള നികുതി സീറോ ആയതിനാലാണ് കെട്ടിടങ്ങൾക്ക് നികുതി ഈടാക്കാതിരുന്നതെന്നും സഞ്ചയ സോഫ്റ്റ് വെയറിൽ 60 ച.മീ ൽ അധികം വിസ്തീർണ്ണമുള്ളതും ഡിമാന്റില്ലാത്തതുമായ കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തി നിയമപ്രകാരമുള്ളവയാണെങ്കിൽ ആനുപാതികമായ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 വാടക സംബന്ധിച്ച അപാകതകൾ

2019-2020 ആളൂർ ഗ്രാമ പഞ്ചായത്തിൽ വാടക ഈടാക്കുന്നത് സംബന്ധിച്ച് താഴെ നൽകിയ അപാകതകൾ കാണുന്നുണ്ട്.

1. വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

2. 2019-2020ലെ വാടക കരാറിൽ കടമുറികളുടെ വാടക ആ മാസം പത്താം തീയതിയോ അതിനു മുൻപോ അടവാക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ 2019-2020 വർഷത്തെ വാടക ആ സാമ്പത്തിക വർഷം കഴിഞ്ഞ് ഒരുമിച്ച് അടവാക്കുന്നതായി കാണുന്നുണ്ട്. ഇതിന് വൈകി അടവാക്കുന്നവരിൽ നിന്നും പിഴ പലിശ ഈടാക്കുന്നുണ്ട് എന്ന മറുപടിയാണ് നൽകിയിട്ടുണ്ട്. ഒരു സാമ്പത്തിക വർഷത്തെ വാടക ഒരുമിച്ച് കുടിശ്ശികയായി അടവാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

3. ആളൂർ ഗ്രാമ പഞ്ചായത്തിലെ പൊരുന്നകുന്ന് ഹാളിന്റെ വാടകയിൽ കുറവു വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| വർഷം | ജനറൽ വിഭാഗം | എസ്.സി. വിഭാഗം |
|---|---|---|
| 2019 | 1500 | 1000 |
| 2020 | 1000 | 500 |

കോവിഡ് പ്രോട്ടോകോൾ നിലവിൽ വന്ന സാഹചര്യത്തിലാണ് വാടകയിൽ ഇളവു വരുത്തിയത് എന്നും ഇത് മാറിയ സാഹചര്യത്തിൽ വാടക വർദ്ധിപ്പിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് എങ്കിലും ഇതു സംബന്ധിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

4. ആളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.11.2019 ലെ 7-ാം നമ്പർ തീരുമന പ്രകാരം ആളൂർ മാർക്കറ്റ് കെട്ടിടത്തിലെ ഏഴ് മുറികൾ ( കെട്ടിട നമ്പർ 19/271 മുതൽ 277 വരെ) ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ മുറികൾ ലേലം ചെയ്ത് വാടകയ്ക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതിന് 18.06.2022ന് ലേലം നടത്തുന്നുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 02/15.06.2022)

## 1-29 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.

26.05.2017 തീയതിയിലെ സ.ഉ(കൈ)നം.106/17/തസ്വഭവ പ്രകാരം, വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി, ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ലഭ്യമാക്കിയ രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം ആകെ 93 വ്യക്തികൾക്കാണ് ഇത്തരത്തിൽ നികുതിയിളവ് നൽകിയിട്ടുള്ളത്. എന്നാൽ നികുതിയിളവ് നൽകുന്നതിനായി ലഭ്യമാക്കിയ അപേക്ഷകൾ എല്ലാം പരിശോധനക്കായി ഹാജരാക്കിയില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/17.06.2022), 2019-20 കാലഘട്ടത്തിൽ കൃത്യമായ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ താഴെ പറയും പ്രകാരമുള്ള തീയതികളിലെ അംഗീകരിച്ച തീരുമാനം പ്രകാരമാണ് നികുതി ഒഴിവാക്കി നൽകിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. 09.05.2019 തീയതിയിലെ 3(3) നമ്പർ തീരുമാനം
2. 05.07.2019 തീയതിയിലെ 6(2) നമ്പർ തീരുമാനം
3. 07.09.2019 തീയതിയിലെ 5(6) നമ്പർ തീരുമാനം
4. 10.10.2019 തീയതിയിലെ 6(4) നമ്പർ തീരുമാനം
5. 09.01.2020 തീയതിയിലെ 5(4) നമ്പർ തീരുമാനം
6. 04.03.2020 തീയതിയിലെ 7(4) നമ്പർ തീരുമാനം
7. 20.03.2020 തീയതിയിലെ 1(2) നമ്പർ തീരുമാനം

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മേൽ തീരുമാനങ്ങൾ പ്രകാരം ആകെ 81 പേർക്കാണ് ഇപ്രകാരം നികുതിയിളവ് നൽകിയിട്ടുള്ളത്. മാത്രമല്ല, പല അപേക്ഷകളും നിർദ്ദിഷ്ട സമയ പരിധി കഴിഞ്ഞാണ് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതിയിൽ ഇളവു നൽകുമ്പോൾ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21 (2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | അപേക്ഷ നൽകിയ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 4/476 | കരിങ്കൽ തൊഴിലാളി സഹകരണ സംഘം | 24.12.2019 | 01.10.2019-31.03.2020 |

| | | | | |
|---|---|---|---|---|
| 2 | 19/249 | തോമസ് വാഴപ്പിള്ളി | 15.07.2019 | 1.4.2019-30.9.2019 |
| 3 | 19/255,256 | ഗ്രീൻബേർട്ട് ഡിസിൽവ | 15.07.2019 | 1.4.2019-30.9.2019 |
| 4 | 19/249 | തോമസ് വാഴപ്പിള്ളി | 17.01.2020 | 1.10.2019-31.03.2020 |
| 5 | 12/87 | ഡെയ്സൺ ജോസ് | 20.08.2019 | 01.04.2019-30.09.2019 |
| 6 | 3/417 | ജോർജ്ജ് കോട്ടോളി | 11.07.2019 | 01.04.2019-30.09.2019 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/17.06.2022), പ്രസ്തുത കെട്ടിടങ്ങൾ 2019-20 സാമ്പത്തിക വർഷം പൂർണ്ണമായും ഒഴിഞ്ഞു കിടന്നിരുന്നവയാണെന്ന് ആ കാലഘട്ടത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാൽ, ടി കമ്മിറ്റി തീരുമാനപ്രകരമാണ് നികുതിയിളവ് അനുവദിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നികുതിയിളവ് നൽകുമ്പോൾ ആയതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ/നിയമങ്ങൾ/ഉത്തരവുകൾ എന്നിവ പാലിക്കാൻ പഞ്ചായത്ത് ബാധ്യസ്ഥരാണ്. നികുതിയിളവ് നൽകുമ്പോൾ ആയതുമായി ബന്ധപ്പെട്ട ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും ഇതുമൂലമുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-31 വസ്തു നികുതി നിർണ്ണയം -അപാകതകൾ

2019-20 സാമ്പത്തിക വർഷം നികുതി നിർണ്ണയം നടത്തിയ ശ്രീ. അരുൺ വർഗ്ഗീസ്, ശ്രീ ദീപക് ചെറോത്തി എന്നിവരുടെ ഉടമസ്ഥതയിലുള്ള 17 ാം വാർഡിലുള്ള 872.43 ച.മീ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 17/91, 17/91 A മുതൽ 17/91 Z വരെ 27 നമ്പറുകളുള്ള റൂമുകളായി വിഭജിച്ച് നമ്പർ ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ വിവിധ റൂമുകളായി ടി കെട്ടിടത്തെ വിഭജിച്ച് നമ്പറിങ്ങ് ചെയ്ത് നികുതി നിർണ്ണയിച്ചപ്പോൾ, കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 6 പ്രകാരമുള്ള തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15 ശതമാനം വർദ്ധനവ് അടിസ്ഥാന നികുതിയോടൊപ്പം വരുത്തിയിട്ടില്ല.

സമാന വിഷയത്തിൽ വികാരി, സെന്റ് മേരീസ് ചർച്ച്, കുഴിക്കാട്ടുശ്ശേരി എന്നവരുടെ ഉടമസ്ഥതയിലുള്ള 486.38 ച. മീ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തെ 12/500 B മുതൽ 12/500 P വരെ നമ്പറുകളുള്ള മുറികളായി വിഭജിച്ച് നമ്പർ ചെയ്ത് നികുതി നിർണ്ണയിച്ചപ്പോഴും മേൽ വിവരിച്ച പ്രകാരമുള്ള തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15 ശതമാനം വർദ്ധനവ് അടിസ്ഥാന നികുതിയോടൊപ്പം വരുത്തിയിട്ടില്ല.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/17.07.2022), ഇത്തരത്തിൽ നമ്പറിംഗ് ചെയ്യുമ്പോൾ, എല്ലാ കെട്ടിടങ്ങളുടെയും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കാക്കി 15 % വർദ്ധനവ് ഈടാക്കുന്നതിനുള്ള ഓപ്ഷൻ നിലവിൽ സഞ്ചയയിൽ ഇല്ലെന്നും മേൽ വിഷയം സംബന്ധിച്ച പരാതി അടിയന്തിരമായി സഞ്ചയയിൽ രജിസ്റ്റർ ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 മൊബൈൽ ടവറുകളുടെ വസ്തു നികുതിക്കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകൾക്ക് വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി കുടിശ്ശികയുള്ള കാലയളവ് |
|---|---|---|---|---|
| 1 | 3/357 | റിലയൻസ് ഇൻഫോകോം | 14 | 2010 ആദ്യ അർദ്ധ വർഷം മുതൽ |
| 2 | 13/673 B | റിലയൻസ് ഇൻഫോകോം | 20 | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 3 | 19/597 | ബി എസ് എൻ എൽ | 21 | 2017 ആദ്യ അർദ്ധ വർഷം മുതൽ |

നിലവിൽ പ്രസ്തുത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടോയെന്നും മേൽ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങളും ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/17.06.2022) മേൽ പറഞ്ഞിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് 31.03.2020 മുതൽ 31.03.2022 വരെ റവന്യൂ റിക്കവറികൾക്ക് നൽകിയിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ നടന്നു വരുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി കുടിശ്ശിക നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട്

അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയതി | | പത്ര സ്ഥാപനം | ഇൻവോയ്സ് നം. | തുക |
|---|---|---|---|---|---|
| 1 | 21900310/ 29.6.2019 | 5528/- | മാതൃഭൂമി | 32100012011 /15.5.19 | 5528 |
| 2 | 21900703/ 18.9.2019 | 12348/- | ദേശാഭിമാനി | TCR2019/03/95466/ 12.3.19 | 3528 |
| | | | " | TCR2019/03/97122 /22.3.19 | 5292 |
| | | | " | TCR/97753/ 28.3.2019 | 3528 |
| 3 | 21900995/ 28.11.2019 | 27048/- | " | TCR/2019/1451 21.9.19 | 5796 |
| 4 | | | " | TCR/2019/1769 15.10.19 | 5796 |
| 7 | | | " | TCR/2019/1855 19.10.2019 | 3864 |
| 8 | | | " | TCR/2019/2074 06.11.19 | 5796 |
| 9 | | | " | TCR/2019/2196 15.11.19 | 5796 |
| 10 | 21900374/ 29.2.20 | 38640/- | " | TCR/2019/2433 7.12.19 | 5796 |
| 11 | | | " | TCR/2019/2651 31.12.19 | 5796 |
| 12 | | | " | TCR/2020/2762 15.1.20 | 5796 |
| 13 | | | " | TCR/2020/2843 22.1.20 | 5796 |
| 14 | | | " | TCR/2020/ 3048 8.2.20 | 9660 |
| 15 | | | " | TCR/2020/3206 21.2.20 | 5796 |
| ആകെ | | | | | 83564 |

ഓഡിറ്റ് എൻക്വയറി (നം. 16 /17.6.2022) നല്കിയതിന് ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചത്. ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 രശീതി,ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ചെലവ് തുകയായ 1034299/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ചുള്ള പരാമർശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ/ വൗച്ചർ നമ്പർ | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|---|
| 1 | 184/ 20 കാൻ തൃശ്ശൂർ വിഹിതം നല്കൽ | 110000/- | 110000/- | 26/ 30.9.2019 | ക്യാൻസർ രോഗനിർണ്ണയവും തുടർ ചികിത്സാസംവിധാനങ്ങളും സമഗ്രമായി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട്. തുക ജില്ലാ പഞ്ചായത്തിന് കൈമാറി | തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. സംയുക്ത കരാറിലേർപ്പെട്ടിട്ടില്ല. |
| 2 | 186/20 പഞ്ചായത്ത് ഓഫീസിലും ഉപ ഓഫീസുകളിലും സോളാർ പാനലുകൾ സ്ഥാപിക്കൽ | 900,000/- | 882299/- | 21901448/ 5.3.20 | തുക അനർട്ടിന് കൈമാറി | കൈപ്പറ്റ് രശീതി, തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. |

| | | | | | | പഴയ എസ്റ്റിമേറ്റ് | പുതിയ എസ്റ്റിമേറ്റ് | അധിക തുക അടവാക്കിയത് | |
|---|---|---|---|---|---|---|---|---|---|
| 3 | 283/19-20 2018-19 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-ജി.എസ്.ടി അധിക തുക അടവാക്കൽ | 1,52,000/- | 1,52,000/- | 21900315/ 29.6.19 | 1) അംഗൻവാടി വാട്ടർ കണക്ഷൻ (No. 128,119,11,132,4) | 4,00,000 | 443000 | 43000 | കൈപ്പറ്റ് രശീതി, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള കരാറിലേർപ്പെട്ടിട്ടില്ല |
| | | | | | 2) Ward 7,8,15 ജനറൽ പൈപ്പ് ലൈൻ നീട്ടൽ | 660000 | 690000 | 30000 | |
| | | | | | 3) Ward 1- ജനറൽ പൈപ്പ് ലൈൻ നീട്ടൽ | 1140000 | 1207000 | 67000 | |
| | | | | | 4) Ward 13,15 എസ്.സി പൈപ്പ് ലൈൻ നീട്ടൽ | 385000 | 397000 | 12000 | |
| | | | | | ആകെ | | | 152000 | |

ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം 8/16.6.22) നല്കിയതിന് കൈപ്പറ്റ് രശീതി, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.
കൈപ്പറ്റ് രശീതി, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതു വരെ പട്ടിക – ക്രമ നം.2,3 എന്നീ ഇനങ്ങളിലെ ചെലവു തുകയായ 1034299/- (882299 + 152000) രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 വൗച്ചർ പരിശോധന - ഫയൽ/രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കിയില്ല; ചെലവുതുക 1322042രൂപ തടസ്സപ്പെടുത്തുന്നു.

1.വൗച്ചർ നം. 21900235/04-06-2019 തുക:7000/-
കുട്ടികളുടെ അവധിക്കാല ക്യാമ്പ് റിഫ്രഷ്മെന്റ് ചാർജിനത്തിൽ വനിതാ കാന്റീൻ സെക്രട്ടറിക്ക് തുക 7000/- നൽകി. 2.5.2019 ലെ നം. കില /2019 /101/ 2719 എച്ച്.ക്യു കിലയിൽ നിന്നുള്ള കത്തിൽ ഒറിജിനൽ ബില്ലുകൾ, വൗച്ചറുകൾ, ഹാജർ ലിസ്റ്റ് എന്നിവ കിലയിലേക്ക് നൽകുന്ന മുറയ്ക്ക് ചെലവ് തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ അനുവദിച്ച് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കിലയിൽ നിന്ന് പ്രസ്തുത ചെലവ് തുക 7000/- രൂപ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

2.വൗച്ചർ നം. 21900135/14-05-2019 തുക:230000/-
വൗച്ചർ നം. 21900134/14-05-2019 തുക:115000/-
മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നും 115000 രൂപയും (5000 X 23) ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നും 230000 രൂപയും (10000 X 23) മെഡിക്കൽ ഓഫീസർ ഇൻ ചാർജ് പ്രൈമറി ഹെൽത്ത് സെന്റർ ആളൂർ നൽകിയ 7.5.2019 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 23 വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ചെലവു രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

3. വൗച്ചർ നം. 21900194/31-05-2019 തുക:281600/-
വൗച്ചർ നം. 21900259/12-06-2019 തുക:246189/-
വൗച്ചർ നം. 21900298/24-06-2019 തുക:442253/-
ബഹു. ജില്ലാ കളക്ടറുടെ കെ 2 – 1946 2019 Dt. 10.4.19 നമ്പർ ഉത്തരവ് പ്രകാരം കുടി വെള്ള ക്ഷാമം രൂക്ഷമായ/ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് അസീസ് വി.എ വാരപ്പറമ്പിൽ എന്നവർക്ക് അനുവദിച്ച തുക.
ടെണ്ടർ വിശദാംശം, കുടിവെള്ള വിതരണ രേഖകൾ എന്നിവയടങ്ങിയ ഫയൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി [നം.18/7.6.22] ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 1322042/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 പൊരുന്നച്ചിറ കുടിവെള്ള പ്രൊജക്ടുകൾ - ആത്യന്തിക ലക്ഷ്യം കൈവരിച്ചിട്ടില്ല.

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ 20, 21 വാർഡുകളിലെ ജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിയുടെ കിണറും പമ്പ് ഹൗസും സ്ഥിതി ചെയ്യുന്ന ഒന്നര ഏക്കറോളം വിസ്തൃതിയുള്ള ജലാശയമാണ് പൊരുന്ന ചിറ . പ്രസ്തുത ചിറയിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൻ വർഷം താഴെ പറയുന്ന രണ്ടു സ്പിൽഓവർ പ്രൊജക്ടുകൾ അസി.എഞ്ചിനീയർ നടപ്പാക്കിയിട്ടുണ്ട്.

1.പ്രൊജക്ട് നം. 251/ 20 So
നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ
പ്രൊജക്ട്: - പൊരുന്നച്ചിറ കുടിവെള്ള പദ്ധതി നവീകരണം
ആകെ അടങ്കൽ തുക: 10,11,200
ചെലവ് :477718
വകയിരുത്തിയ വികസന ഫണ്ട് : 611200
ചെലവ്: 77718
Vr.No:21901201/27.11.2019 - 77718/-
വകയിരുത്തിയ CFC അവാർഡ് : 400000
Vr.No:21901534/27.11.2019 - 4,00,000/-
TS No:11752/2018-19/28.2.2019
സാങ്കേതികാനുമതി തുക :1011200

MB.No:75/18-19
കോൺട്രാക്ടർ: കെ.വി.ഗോപി, പ്രസിഡണ്ട് ചാലക്കുടി ബിൽഡേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റിലിമിറ്റഡ്
കരാർ തുക: 1011095.92

പൊരുന്നച്ചിറ കുടിവെള്ള പദ്ധതിക്കായി ഫിൽട്ടർ മീഡിയ സ്ഥാപിക്കുന്നതാണ് പ്രൊജക്ട് .ജലശുദ്ധീകരണത്തിന് മണൽ ചാക്കുകൾ ഉപയോഗിച്ചുള്ള തടയണയും ഫിൽറ്ററിങ്ങിന് വിവിധ വലിപ്പത്തിലുള്ള സ്റ്റോൺ പെബിൾസും ഉൾപ്പെടുത്തിയതാണ് ഒറിജിനൽ എസ്റ്റിമേറ്റ് . ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അളവു പുസ്തകം പ്രകാരം 21.6.19 ന് ആരംഭിച്ച പ്രവൃത്തിയുടെ ലാസ്റ്റ് ചെക്ക് മെഷർമെന്റ് നടത്തിയിട്ടുള്ളത് 23.07.19-നാണ്. ഫസ്റ്റ് പാർട്ട് ബിൽ 2019 നവംബറിൽ നൽകിയെങ്കിലും 2021 ജൂലൈയിലാണ് ഫൈനൽ ബിൽ. പത്തു ലക്ഷത്തിനു മുകളിൽ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തി എസ്റ്റിമേറ്റിലെ മുഴുവൻ ഇനവും ചെയ്യാതെ ഭാഗികമായാണ് പൂർത്തീകരിച്ചത്. എക്സ്ട്രാ ഇനം ഓപ്പൺ ടിമ്പറിംഗ് ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 1.7.2021 ലാണ്. Revised T S No: 117542/2018-19 Dt: 1.7.2021 Amt:1011200/-. എക്സ്ട്രാ ആയി ഓപ്പൺ ടിമ്പറിംഗ് പ്രവൃത്തി നടപ്പാക്കി. 2021 ജൂലൈയിൽ നൽകിയ എക്സ്ട്രാ ഇനങ്ങളുടെ ബിൽ തുക 129884/- രൂപ അടക്കം പ്രൊജക്ടിലെ ആകെ ചെലവ് 607602/- (477718+129884) രൂപയാണ്.

കേരള പി ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം പുതുക്കിയ ഭരണാനുമതി നേടേണ്ട വിധത്തിൽ അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റിൽ കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ഉണ്ടാവുക, അംഗീകരിക്കപ്പെട്ട ഡിസൈനിൽ നിന്ന് പ്രധാനപ്പെട്ട സ്ട്രക്ചറൽ മാറ്റങ്ങൾ ഉണ്ടാവുക എന്നിവ സംഭവിച്ചാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാത്തു നിൽക്കാതെ ഉടൻ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം തേടേണ്ടതാണ്. അളവു പുസ്തകം പ്രകാരം പ്രസ്തുത പ്രവൃത്തി 23.07.19 നു തന്നെ ചെക്ക് മെഷർ ചെയ്തിട്ടുള്ളതാണ്. എന്നിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി വാങ്ങാൻ 2021 ജൂലൈ വരെ കാലതാമസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭരണ സമിതിയുടെ 11.5.21 ലെ 2 (5) തീരുമാനം മുഖേനയാണ് പ്രവൃത്തി 23.7.19ലെ അവസ്ഥ വെച്ചു തന്നെ അവസാനിപ്പിക്കാം എന്നു തീരുമാനിക്കുന്നത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി [നം.15/17.6.22] ക്ക് ലഭ്യമാക്കിയ മറുപടി പരിശോധിച്ചു. ഫിൽറ്റർ മീഡിയത്തിന്റെ മുൻവശത്തു കരിങ്കല്ല് കെട്ടി ഒരു Water Storage Area നിർമ്മിക്കാൻ കൂടി ഉദ്ദേശിച്ചിരുന്നതായും വെള്ളം കയറിയതിനാൽ ആയതിന്റെ എസ്റ്റിമേറ്റ് എടുക്കാൻ സാധിച്ചില്ല എന്നും മറുപടിയിൽ പറയുന്നു. അടുത്ത വർഷം വേനൽക്കാലത്ത് ചെയ്യാം എന്നു കരുതിയെങ്കിലും കോവിഡ് ലോക്ക് ഡൗൺ മൂലം പ്രവൃത്തി നടത്താൻ കഴിയാത്ത അവസ്ഥയുണ്ടായി എന്നും പറയുന്നു.
മേൽസാഹചര്യങ്ങൾ പരിഗണിക്കുമ്പോഴും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടാൻ രണ്ടുവർഷത്തോളം സമയമെടുത്തത് അപാകതയായിത്തന്നെ ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രൊജക്ട് നമ്പർ - 219/20 (So)
പ്രൊജക്ട് - പൊരുന്നച്ചിറ ശുചീകരണവും തടയണ നിർമ്മാണവും
ആകെ അടങ്കൽ തുക: 849880
ചെലവ് :117799/-
വികസന ഫണ്ട് അടങ്കൽ : 647101
ചെലവ്: -ഇല്ല.
CFC അവാർഡ് അടങ്കൽ : 117799/-
ചെലവ്: 117799/- (വൗച്ചർ നമ്പർ 21901527/27.11.19)
TS No:80177/2016-17/1.3.2017
സാങ്കേതികാനുമതി തുക: 849880
പ്രവൃത്തി പൂർത്തീകരണ കാലയളവ് - 4 മാസം
MB.No:72/18-19
കോൺട്രാക്ടർ: കെ.വി.ഗോപി, പ്രസിഡണ്ട് ചാലക്കുടി ബിൽഡേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്
കരാർ തുക: 829937.8

മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ് 06.03.18-ന് വെച്ചെങ്കിലും അളവു പുസ്തകം പ്രകാരം പ്രവൃത്തി ആരംഭിക്കുന്നത് 25.3.19 നാണ്. കോൺട്രാക്ടർ പ്രവൃത്തി കാലാവധി നീട്ടി നൽകണമെന്ന് അപേക്ഷിച്ചതിന്റെയോ, കാലതാമസത്തിന് അസി.എഞ്ചിനീയർ വിശദീകരണം ചോദിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. ലാസ്റ്റ് ചെക്ക് മെഷർ മെന്റ് 18.06.19-നാണ് ചെയ്തിരിക്കുന്നത്. കരാർ വ്യവസ്ഥ 7 പ്രകാരം

കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

2016 - 17 മുതലുള്ള അസി.എഞ്ചിനീയറുടെ സുലേഖ പത്രികകൾ പരിശോധിച്ചതിൽ 2016 - 17ൽ ആവിഷ്കരിച്ച പദ്ധതി തുടർന്നുള്ള വർഷങ്ങളിലും സ്പിൽ ഓവറായി ആവർത്തിച്ചിട്ടുണ്ടെന്ന് വ്യക്തമായി. 2018 - 19 ൽ പൊരുന്നച്ചിറ കുടിവെള്ള പദ്ധതി നവീകരണം എന്ന പേരിൽ മറ്റൊരു പ്രൊജക്ടും ആവിഷ്കരിച്ചു. എന്നാൽ രണ്ടു പ്രൊജക്റ്റിലും യഥാർത്ഥത്തിൽ പ്രവൃത്തി നടന്നിട്ടുള്ളത് 2019 മാർച്ചിലാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കാലതാമസത്തിന് വിശദീകരണം നൽകിയിട്ടില്ല.

പൊരുന്നച്ചിറയിലെ ചെളി നീക്കം ചെയ്ത് ചിറയ്ക്ക് ആഴം കൂട്ടി ശുദ്ധമായ ജലം ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ 22.03.18-ലെ അടിയന്തിരയോഗത്തിലെ 3(1) തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന് അനുസൃതമായല്ല നടപ്പാക്കിയ പ്രൊജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഒന്നര ഏക്കറോളം വരുന്ന ചിറയിലെ മണ്ണ് ഒന്നരമീറ്ററോളം നീക്കം ചെയ്ത് ആഴം കൂട്ടി അതനുസരിച്ച് പാർശ്വഭിത്തിയും നിർമ്മിച്ച് സംരക്ഷിച്ച് നിർത്തേണ്ടതുണ്ട്. ആയതിനു ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് ഭരണസമിതി തീരുമാനമനുസരിച്ച് പ്രവൃത്തി നടക്കാതെ പോയതെന്നും അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിനു സമർപ്പിച്ചിട്ടുള്ളതായും ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ചെയ്യുന്നതായിരിക്കും എന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

17.6.22 ന് നടത്തിയ സ്ഥല പരിശോധനയിൽ പൊരുന്ന ചിറ ഒരു കുടിവെള്ള സ്രോതസ്സാണെന്ന് തോന്നിക്കാത്ത വിധത്തിൽ പുൽക്കാടുകൾ വളർന്ന നിലയിലാണ് കാണപ്പെട്ടത്. സ്ഥല പരിശോധനയ്ക്കിടെ അവിടെ കൂടിയ പൊതുജനം വേനൽക്കാലത്ത് ചിറ വറ്റി വരളാറുണ്ടെന്നും കുടിവെള്ളമായി ചിറയിലെ വെള്ളം ഉപയോഗിക്കാൻ കഴിയുന്നില്ല എന്നും പരാതിപ്പെട്ടു.

കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ നിന്നുള്ള 4.5.18 ലേയും 13.5.22 ലേയും വാട്ടർ ടെസ്റ്റിംഗ് റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 4.5.18 ലെ റിപ്പോർട്ട് റിമാർക്സിൽ ടർബിഡിറ്റിയും അയേൺ കണ്ടന്റും അനുവദനീയ പരിധിയിലും കൂടുതലാണെന്ന് രേഖപ്പെടുത്തിയിരുന്നു. 13.5.22 ലെ റിപ്പോർട്ടിൽ റിമാർക്സ് രേഖപ്പെടുത്തിയിട്ടില്ല. ചിറയിൽ നിന്നുള്ള വെള്ളം കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്നതാണെന്ന് വ്യക്തമാക്കുന്ന രേഖ ഫയലിൽ ഇല്ല. 2022 ലെ റിപ്പോർട്ടിൽ മേൽ രണ്ടു കണ്ടന്റുകളുടെയും അളവ് കുറഞ്ഞിട്ടുള്ളതിനാലാണ് പ്രത്യേകിച്ച് റിമാർക്സ് ഇല്ലാത്തതെന്നും ചിറയിലെ വെള്ളം സംബന്ധിച്ച് പഞ്ചായത്തിന് ഒരു പരാതിയും ലഭിച്ചിട്ടില്ല എന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കുന്നു. നിലവിൽ സ്ഥാപിച്ചിട്ടുള്ള ഫിൽറ്റർ മീഡിയ വൃത്തിയാക്കുന്ന പ്രവൃത്തി പിന്നീട് നടത്തിയിട്ടുണ്ടോ എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

മേൽ രണ്ടു പ്രൊജക്ടുകളിലായി 2019 - 20 ൽ 5,95,517/- (477718+117799) രൂപ ചെലവഴിച്ചിട്ടും പദ്ധതി ആത്യന്തികലക്ഷ്യം കൈവരിച്ചിട്ടില്ല. പ്രദേശവാസികളുടെ സഹകരണത്തോടു കൂടി ചിറയുടെ നവീകരണം നടത്തി ചിറയിലെ വെള്ളം ഉപയോഗ പ്രദമാക്കാൻ പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 അസി.എഞ്ചിനീയറുടെ പ്രൊജക്ടുകൾ - അവലോകനം.

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 174 പദ്ധതികൾ തയ്യാറാക്കിയതിൽ 58 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. പ്രവൃത്തികൾ പൂർത്തിയാക്കി 112 ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ക്യൂ ബിൽ ആയതിനാൽ 56 എണ്ണം മാത്രമാണ് മാറിയത്. ബാക്കി അടുത്ത സാമ്പത്തിക വർഷത്തിലാണ് മാറിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 174 | ആകെ അടങ്കൽ | 59058174 |
| നടപ്പിലാക്കിയത് | 58 | ചെലവ് | 16031674 |
| ശതമാനം | 33.33% | ചെലവ് ശതമാനം | 27.14% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. 23 വാർഡുകൾ ഉള്ള പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ക്ലറിക്കൽ പോസ്റ്റ് 2017 - 18 ൽ എടുത്തു മാറ്റപ്പെട്ടതാണ്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്. പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ വികസനസ്റ്റാന്റിങ്ങ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

2. ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. 2019 -20 ൽ ബാധകമായ പദ്ധതി മാർഗ്ഗരേഖ 11/2018/ 29.1. 18 ഖ.7.13 - 1 ലും ഇത് പറയുന്നു. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി

മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെൻഡർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയെന്നും പ്രവൃത്തി വൈകിയാൽ ഏതു നിരക്കിൽ പിഴ ഈടാക്കുമെന്നും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്.എന്നാൽ നിലവിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറിൽ വ്യക്തമാക്കുന്നില്ല.കൂടാതെ പിഴ സംബന്ധിച്ച പുതിയ PWD മാന്വൽ പ്രകാരമുള്ള വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുന്നില്ല.PWD മാന്വൽ നിർദേശങ്ങൾ പൂർണമായി പദ്ധതി നിർവഹണത്തിൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

1.ടെണ്ടർ രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി,സമയം, ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

2. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

3.പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഓഡിറ്റ് എൻക്വയറി [നം.14/17.6.22] ക്ക് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് 2021-22 വർഷം പ്രൊജക്ട് വെച്ചിട്ടുള്ളതായും മറ്റ് അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | പാലിന് സബ്സിഡി [Project No:4/20] | 250000 | 0 |
| | 2019-20 | 992272 | ലൈഫ് പദ്ധതി (ജനറൽ ) [Project No:5/20] | 907533 | 0 |
| | 2019-20 | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് [Project No:61/20] | 500000 | 0 |
| | 2019-20 | 178080 | പ്രളയത്തിൽ തകർന്ന ടോയ് ലറ്റുകളുടെ മെയിന്റനൻസ്. [Project No:279/20] | 178080 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | പാലിന് സബ്സിഡി [Project No:4/20] | 200000 | 0 |
| | 2019-20 | 770000 | ലൈഫ് പദ്ധതി (ജനറൽ ) [Project No:5/20] | 770000 | 0 |
| | 2019-20 | 800000 | ലൈഫ് പദ്ധതി (എസ്.സി ) [Project No:15/20] | 800000 | 0 |
| | 2019-20 | 100000 | സ്ട്രീറ്റ് മെയിൻ വലിക്കലും പുതിയത് സ്ഥാപിക്കലും [Project No:44/20] | 27686 | 0 |
| | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് [Project No:61/20] | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 280000 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം [Project No:64/20] | 80000 | 200000 |
| | 2019-20 | 40000 | ആശ്രയ പദ്ധതി [Project No:71/20] | 40000 | 0 |
| | 2019-20 | 150000 | പകൽ വീട് [Project No:73/20] | 0 | 150000 |
| | 2019-20 | 150000 | പാലിയേറ്റീവ് കെയർ [Project No:142/20] | 0 | 150000 |
| | 2019-20 | 337183 | പറമ്പി റോഡ് ഗ്രൗണ്ടിനു അടുത്തുള്ള പഞ്ചായത്ത് കെട്ടിടം ബഡ്സ് സ്കൂൾ [Project No:245/20] | 217121 | 120062 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളാണ് മേൽ പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് ടി ഇ എസ് എം | പഞ്ചായത്ത് ഓഫീസിലും ഉപ ഓഫീസുകളിലും സോളാർ പാനലുകൾ സ്ഥാപിക്കൽ [Project No:186/20] | 21901438/ | 882299 | 0 | 882299 (വാർഷിക കണക്ക പ്രകാരമുള്ളത്) |
| കേരള വാട്ടർ അതോറിറ്റി | 2018 - 19 പദ്ധതിയിലെ വിവിധ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - ജി.എസ്.ടി അധികതുക അടവാക്കൽ [Project No:283/20] | 21900315 | 152000 | 0 | 152000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കലും പുതിയത് സ്ഥാപിക്കലും. [Project No:44/20] | | 27686 | 0 | 27686 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിരിക്കുന്നത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | തൻവർഷം എടുത്ത വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം HUDCO | സ.ഉ(സാധാ)നം. 6105/2019 /.1.8.19 /ത.സ്വ.ഭ.വ | 6,40,000 | 2753716 | 397059 | | 2996657 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിരിക്കുന്നത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9776718 | |
| തൻവർഷം നിക്ഷേപിച്ച തുക | 10000000 | 724552(പലിശ) |
| ആകെ | 19776718 | 724552(പലിശ) |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | - |

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| | | 20501270 |

5891/- ഇക്വിറ്റി ഷെയറിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കു പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 1292/- രൂപ വരവുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു,

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./ തീയതി |
|---|---|---|---|---|
| 2018-19 | 10.2 | 201 | വില്ലി പോൾ കോമ്പാറക്കാരൻ വീട് | 119210102705/15.07.2019 |
| 2018-19 | 10.3 | 221 | ടോണി ആന്റണി പുന്നേലി പറമ്പിൽ വീട് | 119210102712/15.07.2019 |
| 2018-19 | 1.13.3 | 960 | എച്ച്എം സെന്റ്.മേരീസ് എൽ.പി യു.പി എസ് | 119210103348/19.08.2019 |

മേൽ പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 2.10 | 2003-04 | 2.10.8 | നേന്ത്രവാഴ കൃഷി വികസനത്തിനായി 2003-04 ൽ എസ്. ഒ 2 3 നമ്പർ പ്രൊജക്ട് പ്രകാരം 5 കർഷകരടങ്ങുന്ന കർഷക ഗ്രൂപ്പിന് 10000 രൂപ വീതം സഹകരണ ബാങ്ക് വഴി റിവോൾവിംഗ് ഫണ്ട് അനുവദിച്ചിരുന്നു. ടി തുക കൃഷി വിളവെടുത്ത് കഴിയുമ്പോൾ തിരികെ ബാങ്കിൽ നിക്ഷേപിക്കണം എന്ന രീതിയിലാണ് വിഭാവനം ചെയ്തിരുന്നത്. റിവോൾവിംഗ് ഫണ്ട് ലഭിച്ചവരിൽ 10 പേർ തുക തിരിച്ചടച്ചതായി കാണുന്നില്ല എന്നതാണ് ഓഡിറ്റ് പരാമർശം. 2004 മാർച്ച് ഏപ്രിൽ മാസങ്ങളിലുണ്ടായ രൂക്ഷമായ വരൾച്ചയെ തുടർന്ന് കൃഷിനാശം സംഭവിച്ച് കൃഷിക്കാർ കടുത്ത സാമ്പത്തികപ്രതിസന്ധിയിലായി. കൃഷിയിൽ ലാഭം കിട്ടാത്തതിനാലാണ് റിവോൾവിംഗ് ഫണ്ട് തിരിച്ചടക്കാൻ കഴിയാതെ വന്നതെന്ന് കൃഷി ഓഫീസർ അറിയിച്ചു. ഈ സാഹചര്യം കണക്കിലെടുത്ത് ടി തടസ്സം ഒഴിവാക്കുന്നതിന് ബഹു നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു. | തുക ഈടാക്കിയില്ല. ഖണ്ഡികയിൽ പരാമർശിച്ച കർഷക ഗ്രൂപ്പുകൾക്ക് വരൾച്ച മൂലം 2004 ൽ കൃഷി നാശം സംഭവിച്ചതിനാൽ റിവോൾവിംഗ് ഫണ്ട് തിരികെ അടക്കാൻ സാധിച്ചിട്ടില്ല. കർഷക ഗ്രൂപ്പുകളുടെ ഇതു സംബന്ധിച്ച അപേക്ഷയും കൃഷി ഓഫീസർ നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91756359.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92154637.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2356341 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 1034299 | ശ്രീകാന്ത്.പി.എസ് ,സെക്രട്ടറി |
| 1-35 | 1322042 | ശ്രീകാന്ത്.പി.എസ് ,സെക്രട്ടറി |
| ആകെ | 2356341 | |

(സി)കേന്ദ്ര -സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-34 | 1034299 | ശ്രീകാന്ത്.പി.എസ് ,സെക്രട്ടറി | പിഷാരത്ത് പറമ്പിൽ ഹൗസ്<br>മാള പി.ഒ, തൃശ്ശൂർ |
| 1-35 | 1322042 | ശ്രീകാന്ത്.പി.എസ് ,സെക്രട്ടറി | പിഷാരത്ത് പറമ്പിൽ ഹൗസ്<br>മാള പി.ഒ<br>തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1982-83 | എൽ.എഫ്.ടി.എസ് 2-11/24.10.2011 |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 1986-87,87-88 | |
| 1988-89,89-90 | |
| 1990-91 | |
| 1991-92,92-93 | |

| | |
|---|---|
| 1993-94 | |
| 1994-95,1995-96 | |
| 1996-97(ചെലവ്) | എൽ.എഫ്.ടി.13-656/97/15.6.1999/20.9.1999 |
| 1996-97(വരവ്) | എൽ.എഫ്.ടി.13-919/02/8.8.2002/27.1.2003 |
| 1997-98(ചെലവ്) | എൽ.എഫ്.ടി.13-208/99/19.6.1999/20.9.1999 |
| 1997-98(വരവ്) | എൽ.എഫ്.ടി.13-373/04/1.6.2004/14.9.2004 |
| 1998-99(ചെലവ്) | എൽ.എഫ്.ടി.13-58/01/10.4.2001/13.5.2001 |
| 1998-99(വരവ്) | എൽ.എഫ്.ടി.13-1482/07/22.10.2007/4.12.2007 |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.13-247/03/16.6.2003/17.9.2003 |
| 1999-2000(വരവ്) | എൽ.എഫ്.ടി.13-1482/07/22.10.2007/4.12.2007 |
| 2000-01 | എൽ.എഫ്.ടി.13-1483/07/7.12.2007/3.1.2008 |
| 2001-02 | എൽ.എഫ്.ടി.13-595/08/1.11.2008 |
| 2000-01,01-02(പ്ളാൻ) | എൽ.എഫ്.ടി.13-1544/03/3.6.2004 |
| 2002-03 | എൽ.എഫ്.ടി.13-640/08/5.11.2008 |
| 2003-04 | എൽ.എഫ്.ടി.13-11/09/21.12.2009 |
| 2004-05 | എൽ.എഫ്.ടി.13-12/09/21.12.2009/26.3.2010 |
| 2005-06 | എൽ.എഫ്.ടി.13-1306/09/17.9.2010 |
| 2006-07 | എൽ.എഫ്.ടി.13-879/09/17.9.2009 |
| 2007-08 | എൽ.എഫ്.ടി.പി14-693/11/30.12.2011/18.5.2012 |
| 2008-09 | എൽ.എഫ്.ടി.പി 4-1011/12/6.9.2012 |
| 2009-10 | എൽ.എഫ്.ടി.പി 4-1012/12/6.9.2012 |
| 2010-11 | എൽ.എഫ്.ടി.പി 4-1013/12/6.9.2012/2.3.13 |
| 2011-12 | എൽ.എഫ്.ടി.പി 4-1169/13/9.1.2014/4.3.2014 |
| 2012-13 | എൽ.എഫ്.ടി.പി 4-585/14/7.5.14/4.7.14 |
| 2013-14 | എൽ.എഫ്.ടി.പി 4-1885/2014/5.02.15 |
| 2014-15 | എൽ.എഫ്.ടി.പി 4-925/16/16.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.4)<br>1995/16 തീയതി 22.11.16/16.1.17 |
| 2016-17 | നം. കെ.എസ്.എ.ടി.എസ്.ആർ (പി.4)1324/2017 തീയതി:<br>02.11.17/22.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.4)340/2019 തി.27-2-2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി.4)1049/2019<br>തീയതി:08.08.2019 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്